(എഫ്) ജലവിതരണം നിർത്തിവയ്ക്കുമ്പോൾ ഉണ്ടായേക്കാവുന്ന രാഷ്ട്രീയ, സാമൂഹിക, വൈകാരിക പ്രശ്നങ്ങൾ മൂലം അന്തർസംസ്ഥാന ബന്ധങ്ങൾക്ക് ഉലച്ചിൽ തട്ടാൻ സാദ്ധ്യതയുണ്ട്. ജലവിതരണം നിർത്താൻ നിയമപരമായി തടസ്സമില്ലെങ്കിലും ഇതിൽ നിന്നും ഉടലെടുത്തേക്കാവുന്ന പ്രത്യാഘാതങ്ങൾ കണക്കിലെടുത്തതിനുശേഷം ആവശ്യമെന്ന് കണ്ടാൽ അത്തരം നടപടികൾ സ്വീകരിക്കുന്നതാണ്.

(ജി) ഇറിഗേഷൻ സെസ് നൽകേണ്ടതുണ്ട്.

ലോട്ടറി നിരോധനം

22 (*199) ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർക്കാരിന്റെ ലോട്ടറി നിർത്തലാക്കാൻ മന്ത്രിസഭ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണമെന്താണ്;

(ബി) സമീപകാലത്ത് ലോട്ടറി സംബന്ധമായ കേസിനെക്കുറിച്ച് സുപ്രീം കോടതി പുറപ്പെടുവിച്ച വിധി ന്യായം സർക്കാർ വിശദമായി പരിശോധിച്ചിട്ടുണ്ടോ;

(സി) സംസ്ഥാന ലോട്ടറി നിർത്തലാക്കുമ്പോൾ സംസ്ഥാനത്തിന് ഉണ്ടാകുന്ന നഷ്ടം എത്രയെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ഭാഗ്യക്കുറിയുമായി ബന്ധപ്പെട്ട ഏജന്റുമാരും ലോട്ടറി ടിക്കറ്റ് വില്പന നടത്തുന്നവരുമായി ഉദ്ദേശം എത്ര ആളുകൾ കേരളത്തിൽ ഉണ്ട്;

(ഇ) ഇവരെ പുനരധിവസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(എഫ്) നിർത്തലാക്കിയ ലോട്ടറി പുനഃരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ):

(എ) ഉണ്ട്. 1998-ലെ കേന്ദ്ര ലോട്ടറി (നിയന്ത്രണ) നിയമത്തിലെ 4-ാം വകുപ്പിലെ നിബന്ധനകൾക്ക് വിരുദ്ധമായും സംസ്ഥാന ലോട്ടറി ചട്ടങ്ങൾക്ക് വിരുദ്ധമായും നടത്തിവന്നിരുന്ന അന്യ സംസ്ഥാന ലോട്ടറികൾക്കെതിരെ ലോട്ടറി ഡയറക്ടർ പുറപ്പെടുവിച്ച നോട്ടീസിനെയും കേരള സംസ്ഥാന ലോട്ടറീസ് & ഓൺലൈൻ ലോട്ടറീസ് (റെഗുലേഷൻ) റൂൾസിലെ ചട്ടം 24 (3) ചോദ്യം ചെയ്തുകൊണ്ടും ലോട്ടറി ഏജന്റുമാർ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ഹൈക്കോടതി 17-11-03 -ലെ വിധി പ്രകാരം ലോട്ടറി ഡയറക്ടറുടെ നടപടി ശരിവയ്ക്കുകയുമുണ്ടായി. ഇതിനെതിരെ അന്യസംസ്ഥാന ലോട്ടറി ഏജന്റുമാർ ഫയൽ ചെയ്ത കേസിൽ ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് 19-12-03-ലെ ഇടക്കാല ഉത്തരവിൽ കേരള ലോട്ടറി ചട്ടങ്ങളിലെ 24-ാം ചട്ടം (3) ഉം (10)ഉം ഉപചട്ടങ്ങൾ സ്റ്റേ ചെയ്തു. 28-4-2004 -ലെ ഡിവിഷൻ ബഞ്ചിന്റെ അന്തിമ വിധി സർക്കാരിന് അനുകൂലമായിരുന്നു എങ്കിലും ഇതിനെതിരെ അന്യ സംസ്ഥാനങ്ങൾ സുപ്രീം കോടതിയിൽ ഫയൽ ചെയ്ത അപ്പീലിൽ ഹൈക്കോടതി ഡിവിഷന്റെ ബഞ്ചിന്റെ 19-12-2003-ലെ ഇടക്കാല ഉത്തരവ് നിലനിൽക്കുമെന്ന് 17-5-2004-ൽ സുപ്രീം കോടതി ഉത്തരവായി. ഹൈക്കോടതിയിൽ നിലവിലുള്ള 16-12-04-ലെ മറ്റൊരു വിധിപ്രകാരം സംസ്ഥാന സർക്കാരിന് അന്യസംസ്ഥാന ലോട്ടറി, അവ വില്പന നികുതി അടച്ചുകൊണ്ട് ഒറ്റ നമ്പർ ഒഴികെയുള്ള ലോട്ടറികൾ നടത്തുന്നപക്ഷം അവർക്കെതിരെ നടപടിയെടുക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടായി. അനധികൃത ലോട്ടറികൾക്കെതിരെ നടപടി സ്വീകരിക്കുവാൻ കേന്ദ്ര നിയമം 5 പ്രകാരം സംസ്ഥാന സർക്കാരിന് അധികാരമുണ്ട്. എന്നാൽ ബി. ആർ.

LIBRARY ARCHIVES Kerala Legislative Assembly

എന്റർപ്രൈസസും, യു.പി. സർക്കാരും തമ്മിലുള്ള സുപ്രീം കോടതിയിലെ കേസിൽ ഒരു സംസ്ഥാനം സ്വയം ലോട്ടറി നടത്തുന്നില്ലെങ്കിൽ മാത്രമേ അന്യസംസ്ഥാന ലോട്ടറി നിരോധിക്കുവാൻ പാടുള്ളൂ എന്ന് ഉത്തരവായിട്ടുണ്ട്. അന്യസംസ്ഥാന ലോട്ടറികൾ സുപ്രീം കോടതിയിൽ നിന്നും ഹൈക്കോടതിയിൽ നിന്നും അനുകൂലമായ വിധികൾ സമ്പാദിച്ചിരിക്കുന്ന സാഹചര്യത്തിൽ അവർക്കെതിരെ നടപടി സ്വീകരിക്കുവാൻ കഴിയാത്ത സാഹചര്യം നിലവിൽ വന്നു. സമൂഹത്തിന്റെ താഴെക്കിടയിലുള്ള ജനങ്ങളെ അത്യന്തം ദോഷകരമായി ബാധിക്കുന്ന ഒരു സാമൂഹ്യവിപത്തെന്ന നിലയിൽ പ്രസ്തുത ലോട്ടറികളെ തുടരാനനുവദിക്കുന്നത് സംസ്ഥാനത്തിന്റെ താല്പര്യങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ കേരളം നടത്തിവന്നിരുന്ന ലോട്ടറികളും നിരോധിക്കുവാൻ സർക്കാർ നിർബന്ധിതരായിത്തീർന്നു.

(ബി) പരിശോധിച്ചിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) ലോട്ടറി വകുപ്പിൽ നിന്നും ഏജൻസി പുതുക്കിയവർ 1292 പേരാണ്. ടിക്കറ്റ് വില്പന നടത്തുന്നവരുടെ കണക്ക് ശേഖരിച്ചു വരുന്നു.

(ഇ) ഇവരെ പുനരധിവസിപ്പിക്കുവാൻ പദ്ധതി തയ്യാറാക്കി വരുന്നു. 20 കോടി രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. ഇവരിൽ രോഗബാധിതരും വികലാംഗരുമായവർക്ക് മുൻഗണനാക്രമത്തിൽ 10,000 രൂപ ഗ്രാന്റായും 40000 രൂപ ധനകാര്യസ്ഥാപനങ്ങൾ മുഖേന വായ്പയായും ലഭ്യമാക്കുന്നതിനുദ്ദേശിക്കുന്നു. കൂടാതെ കുടുംബശ്രീയുമായി ബന്ധപ്പെടുത്തി സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള സാധ്യതകളും ആരായുന്നുണ്ട്.

(എഫ്) സുപ്രീം കോടതി നിലനിൽക്കുന്ന കേസിലെ അന്തിമ വിധിക്കു വിധേയമായി പുനഃപരിശോധിക്കുന്നതാണ്.

മുല്ലപ്പെരിയാർ ജലസംഭരണിയുടെ നിയന്ത്രണം

23 (*200) ശ്രീമതി രാധാ രാഘവൻ :
ശ്രീ. പി. ശങ്കരൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാർ അണക്കെട്ട് കേരളത്തിനുള്ളിലാണോ സ്ഥിതി ചെയ്യുന്നത്;

(ബി) ഇതിന്റെ ജലസംഭരണി കേരളത്തിലാണോ തമിഴ്നാട്ടിലാണോ സ്ഥിതി ചെയ്യുന്നത്;

(സി) ഈ അണയുടെയും ജലസംഭരണിയുടെയും നിയന്ത്രണം ഏത് സംസ്ഥാനത്തിനാണെന്ന് പറയുമോ;

(ഡി) ഈ അണയുടെയും ജലസംഭരണിയുടെയും നിയന്ത്രണം കേരളത്തിന് നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly